"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ അധികമായി ചെലവായ 16,07,680/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1454/2024/LSGD തീയതി,തിരുവനന്തപുരം, 06-08-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം.564/2023/തസ്വഭവ തീയതി 06.03.2023
2. സ.ഉ(സാധാ) നം.1153/2023/തസ്വഭവ തീയതി 02.06.2023
3. 23.05.2024 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/70759/2023-DPLC2 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ 22 വാർഡുകളിൽ 2023 ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ള വിതരണത്തിനായി ആകെ 23,68,980/- രൂപയും, 2023 ജൂൺ മാസം 4,38700/- രൂപയും ചെലവുവന്നുവെന്നും, ആയതിന് നിയമാനുസൃതം നൽകാവുന്ന 12 ലക്ഷം രൂപ അധികരിച്ചുള്ള 16,07,680/- രൂപ ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷികപദ്ധതി ഭേദഗതിയിൽ വികസന ഫണ്ട്(ജനറൽ)ൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പഞ്ചായത്ത് ഭരണ സമിതി തീരുമാനം, കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ എന്നിവ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 0704.2023 മുതൽ 31.05.2023 വരെ വിതരണം നടത്തിയ 5778000 ലിറ്റർ കുടിവെള്ളത്തിന് 23,68,980/- രൂപയും തുടർന്ന് മഴലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ 01.06.2023 മുതൽ 10.06.2023 വരെ വിതരണം നടത്തിയ 1070000 ലിറ്റർ കുടിവെള്ളത്തിന് 438700/- രൂപയും ചെലവായിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവുപ്രകാരം ചെലവഴിക്കാവുന്ന 12 ലക്ഷം രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് അനുവദിച്ചതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 01.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ

രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ 07 മുതൽ മേയ് 31 -ാം തീയതി വരെയും മഴലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ ജൂൺ 10 വരെയും കുടിവെള്ള വിതരണം നടത്തിയ വകയിൽ അനുവദനീയമായ 12 ലക്ഷം രൂപയിൽ അധികരിച്ച ചെലവായ 16,07,680/- രൂപയുടെ (പതിനാറു ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) ചെലവ് ആധികാരികത പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ തുക 2024-25 വാർഷികപദ്ധതി ഭേദഗതിയിൽ വികസന ഫണ്ട്(ജനറൽ)ൽ നിന്നും അനുവദിക്കുന്നതിന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 07-08-2024 12:13:32

പകർപ്പ് :

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്